**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 388</u>** **<u>27-01-2026 - ൽ മറുപടിയ്ക്ക്</u>**

**<u>പുഴകളിലെ മാലിന്യ നിർമ്മാർജ്ജനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പുഴകളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ എല്ലാത്തരം ജലസ്രോതസ്സുകളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിലേക്കായി മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ, ഇനി ഞാൻ ഒഴുകട്ടെ, തെളിനീരൊഴുകും നവകേരളം എന്നീ പേരുകളിൽ ജനകീയ ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്. കൂടാതെ 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്, 2024 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്നിവ പ്രകാരം ജലാശയങ്ങളിൽ ചവറോ മാലിന്യമോ കക്കൂസ് മാലിന്യമോ ഒഴുക്കിവിടൽ, മലിനജലം പൊതു സ്ഥലത്തേക്കും കാനകളിലേക്കും ഒഴുക്കിവിടൽ എന്നീ കുറ്റകൃത്യങ്ങൾക്ക് എതിരെ ശക്തമായ നിയമ നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്.<br><br>പുഴകളിലെയും കായലുകളിലെയും മലിനീകരണം തടയുന്നതിന് തദ്ദേശ സ്ഥാപന തലത്തിൽ നിരവധി പദ്ധതികൾ നടന്നു വരുന്നുണ്ട്. ആയതിൽ ഡ്രൈനേജുകൾ, തോടുകൾ, കനാലുകൾ വൃത്തിയാക്കുക, മാലിന്യ നിക്ഷേപം തടയുന്നതിനായി CCTV ക്യാമറകൾ സ്ഥാപിക്കുക, നെറ്റ് ഫെൻസിങ്, ട്രാഷ് ബൂമുകൾ, തുടങ്ങിയവ സ്ഥാപിക്കുന്നത് മുഖേന പുഴകളിലേക്കും, കായലുകളിലേക്കും മാലിന്യം എത്തുന്നത് തടയാൻ സാധിക്കുന്നതാണ്. STP / FSTP, MTU (Mobile Septage Treatment Units) തുടങ്ങി നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഹരിതകേരളം മിഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിക്കുന്നതിനായി നിരവധി ജനകീയ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ജലസേചന വകുപ്പുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 'ഇനി ഞാനൊഴുകട്ടെ' എന്ന ജനകീയ ക്യാമ്പയിനിലൂടെ സംസ്ഥാനത്ത് 412 കി.മീ. നീളത്തിൽ പുഴകൾ ഇതിന്റെ ഭാഗമായി മാലിന്യമുക്തമാക്കിയിട്ടുണ്ട്. ഇതോടൊപ്പം നീർച്ചാലുകളിലേക്ക് തുറന്നുവച്ചിരുന്ന മാലിന്യക്കുഴലുകൾ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 54770 കി.മീ. നീളത്തിൽ പുഴകളുടെ കൈവഴികളായ നീർച്ചാലുകൾ മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ ഇത്തരം പ്രവൃത്തികൾ ജനകീയമായും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത, വകുപ്പുകളുടെ പദ്ധതി എന്നിവ പ്രയോജനപ്പെടുത്തിയാണ് നിർവഹിക്കപ്പെട്ടിട്ടുള്ളത്. ഹരിതകേരളം മിഷൻ നേരിട്ട് ഇതിനായി തുക ചെലവഴിച്ചിട്ടില്ലാത്തതിനാൽ തരം തിരിച്ചുള്ള വിവരം ലഭ്യമല്ല. |
| (ബി) | ഉണ്ടെങ്കിൽ പദ്ധതികളുടെ വിവരങ്ങളും നാളിതുവരെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയ പുഴകളുടെ പേരും അതിനായി ചെലവഴിച്ച തുകയും വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തെ എല്ലാത്തരം ജലസ്രോതസ്സുകളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിലേക്കായി മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ, ഇനി ഞാൻ ഒഴുകട്ടെ, തെളിനീരൊഴുകും നവകേരളം എന്നീ പേരുകളിൽ ജനകീയ ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്. കൂടാതെ 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്, 2024 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്നിവ പ്രകാരം ജലാശയങ്ങളിൽ ചവറോ മാലിന്യമോ കക്കൂസ് മാലിന്യമോ ഒഴുക്കിവിടൽ, മലിനജലം പൊതു സ്ഥലത്തേക്കും കാനകളിലേക്കും ഒഴുക്കിവിടൽ എന്നീ കുറ്റകൃത്യങ്ങൾക്ക് എതിരെ ശക്തമായ നിയമ നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്.<br><br>പുഴകളിലെയും കായലുകളിലെയും മലിനീകരണം തടയുന്നതിന് തദ്ദേശ സ്ഥാപന തലത്തിൽ നിരവധി പദ്ധതികൾ നടന്നു വരുന്നുണ്ട്. ആയതിൽ ഡ്രൈനേജുകൾ, തോടുകൾ, കനാലുകൾ വൃത്തിയാക്കുക, മാലിന്യ നിക്ഷേപം തടയുന്നതിനായി CCTV ക്യാമറകൾ സ്ഥാപിക്കുക, നെറ്റ് ഫെൻസിങ്, ട്രാഷ് ബൂമുകൾ, തുടങ്ങിയവ സ്ഥാപിക്കുന്നത് മുഖേന പുഴകളിലേക്കും, കായലുകളിലേക്കും മാലിന്യം എത്തുന്നത് തടയാൻ സാധിക്കുന്നതാണ്. STP / FSTP, MTU (Mobile Septage Treatment Units) തുടങ്ങി നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഹരിതകേരളം മിഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിക്കുന്നതിനായി നിരവധി ജനകീയ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ജലസേചന വകുപ്പുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 'ഇനി ഞാനൊഴുകട്ടെ' എന്ന ജനകീയ ക്യാമ്പയിനിലൂടെ സംസ്ഥാനത്ത് 412 കി.മീ. നീളത്തിൽ പുഴകൾ ഇതിന്റെ ഭാഗമായി മാലിന്യമുക്തമാക്കിയിട്ടുണ്ട്. ഇതോടൊപ്പം നീർച്ചാലുകളിലേക്ക് തുറന്നുവച്ചിരുന്ന മാലിന്യക്കുഴലുകൾ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 54770 കി.മീ. നീളത്തിൽ പുഴകളുടെ കൈവഴികളായ നീർച്ചാലുകൾ മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ ഇത്തരം പ്രവൃത്തികൾ ജനകീയമായും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത, വകുപ്പുകളുടെ പദ്ധതി എന്നിവ പ്രയോജനപ്പെടുത്തിയാണ് നിർവഹിക്കപ്പെട്ടിട്ടുള്ളത്. ഹരിതകേരളം മിഷൻ നേരിട്ട് ഇതിനായി തുക ചെലവഴിച്ചിട്ടില്ലാത്തതിനാൽ തരം തിരിച്ചുള്ള വിവരം ലഭ്യമല്ല. |
| (സി) | മാലിന്യം നിമിത്തം പുഴകളിലെ വെള്ളം ഉപയോഗയോഗ്യമല്ലാതായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, നാഷണൽ വാട്ടർ കോളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന്റെയും (NWMP) (217 സ്റ്റേഷനുകൾ) സ്റ്റേറ്റ് വാട്ടർ കോളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന്റെയും (SWMP) - (135 സ്റ്റേഷനുകൾ) യും ഭാഗമായി കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി 352 സ്റ്റേഷനുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തി വരുന്നു. പൊതുവേ ജലാശയങ്ങളിൽ സീവേജ് മലിനീകരണം സ്ഥിരീകരിക്കുന്ന കോളിഫോം ബാക്ടീരിയയുടെ അളവ് അനുവദനീയമായതിലും കൂടുതലായി കണ്ടുവരുന്നു. സീവേജ് മലിനീകരണം തടയുന്നതിനായി സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറുകളും, സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറുകളും, സീവറേജ് നെറ്റ് വർക്കും സ്ഥാപിച്ച് |

പ്രവർത്തിപ്പിക്കുന്നതിനായുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേരളവാട്ടർ അതോറിറ്റിയും സംയുക്തമായി നടപ്പിലാക്കി വരുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തുന്ന ജല ഗുണനിലവാര പരിശോധനകളുടെ അടിസ്ഥാനത്തിലുള്ള ഗുണനിലവാര റിപ്പോർട്ട് അടങ്ങുന്ന ജല ഗുണനിലവാര വാർഷിക ഡയറക്ടറി എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നുണ്ട്. പരിശോധന ഫലം ബോർഡിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. ഗുണ നിലവാരം പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപെടുന്ന സാഹചര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പുഴകളിലും തോടുകളിലും മറ്റ് ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ചുമത്തുന്ന വകുപ്പുകൾ ഏതെല്ലാം; പ്രസ്തുത വകുപ്പുകൾ പ്രകാരം ലഭിക്കുന്ന ശിക്ഷകൾ എന്തെല്ലാം; വിശദമാക്കാമോ;

(ഡി) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് സെക്ഷൻ 219 കെ, 2024 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് 337 എന്നിവ പ്രകാരം യാതൊരാളും ഏതെങ്കിലും സിങ്ക്, ചാൽ, തൊഴുത്ത്, ഹോട്ടൽ, റസ്റ്റോറന്റ്, വീട്, വ്യവസായ സ്ഥാപനം, ആശുപത്രി അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മലിനജലം, പൊതു അഴുക്കുചാലുകൾ, റോഡ്, തെരുവ്, പൊതുസ്ഥലം, ജലാശയം അല്ലെങ്കിൽ ജലമാർഗ്ഗം എന്നിവിടങ്ങളിലേക്ക് ഒഴുക്കുകയോ ഒഴുകാൻ അനുവദിക്കുകയോ അല്ലെങ്കിൽ അത്തരം പരിസരങ്ങളിൽ നിന്ന് അത്തരം ഉപയോഗിച്ച വെള്ളം ഒഴുക്കുവാൻ അനുവദിക്കുകയോ അതിനു കരണമാകുകയോ ചെയ്താൽ അത്തരത്തിലുള്ള ഏതൊരാളിന്റെയും മേൽ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിക്ക് അയ്യായിരം രൂപയിൽ കുറയാത്തതും എന്നാൽ അമ്പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്. കൂടാതെ സെക്രട്ടറിക്ക്, ഏതെങ്കിലും പൊതു റോഡിലേക്കോ ഓടയിലേക്കോ തെരുവിലേക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും പൊതുസ്ഥലത്തേക്കോ അല്ലെങ്കിൽ ജലാശയങ്ങളിലേക്കോ മലിനജലം ഒഴുകാൻ അനുവദിക്കുന്ന ഏതെങ്കിലും പൈപ്പോ ട്യൂബോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗമോ അടയ്ക്കുവാനോ മൂടുവാനോ അല്ലെങ്കിൽ നീക്കം ചെയ്യുവാനോ, നോട്ടീസ് മുഖേന അത്തരം പരിസരത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ നിർദേശിക്കാവുന്നതാണ്. അത്തരം നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അയാൾ വീഴ്ച വരുത്തിയാൽ അയ്യായിരം രൂപയിൽ കുറയാത്തതും എന്നാൽ അമ്പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്. ടി നടപടികൾക്ക് ഭംഗം വരാതെ, അത്തരം പൈപ്പ് ട്യൂബ് അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ അടയ്ക്കുകയോ മൂടുകയോ അല്ലെങ്കിൽ നീക്കം ചെയ്യുകയോ ചെയ്യേണ്ടതും ഇതിന് വേണ്ടി വരുന്ന യഥാർത്ഥ ചെലവ് അയാളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

കൂടാതെ 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി ) ആക്ട് സെക്ഷൻ 219 എസ്, 2024 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് 340 എസ് എന്നിവ പ്രകാരം യാതൊരാളും പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ ജലസ്രോതസ്സിലോ മാലിന്യമോ ചവറോ വിസർജ്യ വസ്തുക്കളോ വലിച്ചെറിയുകയോ തള്ളുകയോ അതിലേക്ക് മലിനജലം ഒഴുക്കുകയോ ഏതെങ്കിലും കുഴലിൽ നിന്ന്അതിലേക്ക് വെള്ളം ഒഴുകാൻ അനുവദിക്കുകയോ അല്ലെങ്കിൽ മലിനജലം അതിലേക്ക് ഒഴുകാൻ അനുവദിക്കുകയോ മറ്റേതെങ്കിലും വിധത്തിൽ ജലം മലിനമാക്കുകയോ അല്ലെങ്കിൽ അത്തരം ഒരു പ്രവൃത്തി ചെയ്യുന്നതിന് ആരെയെങ്കിലും നിയമിക്കുകയോ നിയോഗിക്കുകയോ, നിർബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതും ടി കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും അൻപതിനായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇത്തരത്തിൽ എത്രപേർക്കെതിരെ കേസുകൾ ചുമത്തിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

(ഇ) G.O.(Rt)No.2566/2022/LSGD തീയതി, 22-10-2022 പ്രകാരം മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചു. 2023-ൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ച സ്ക്വാഡുകൾ, 2023 - 2026 കാലഘട്ടത്തിൽ ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ കുറ്റകൃത്യങ്ങളിൽ സ്വീകരിച്ച നിയമ നടപടികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

**അനുബന്ധം**

| **ക്ര. നം** | **ജില്ല** | **ജലാശയങ്ങളിൽ അനധികൃതമായി മാലിന്യം നിക്ഷേപിക്കൽ (കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 340A / കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 219S)** | | **അനധികൃത ഔട്ലെറ്റുകൾ വഴി ജലാശയങ്ങളിലേക്ക് ഉപയോഗിച്ച വെള്ളം നിയമവിരുദ്ധമായി ഒഴുക്കുന്നത് (കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 337 / കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 219K)** | |
|---|---|---|---|---|---|
| | | കോടതിയിൽ ഫയൽ ചെയ്ത കേസുകളുടെ എണ്ണം | കോടതി കുറ്റ സ്ഥാപനം നടത്തിയ കേസുകളുടെ എണ്ണം | സെക്രട്ടറി പിഴ ചുമത്തിയ കേസുകളുടെ എണ്ണം | പിഴ ചുമത്തിയതിന്റെ ആകെ തുക (രൂപ) |
| 1 | തിരുവനന്തപുരം | 2 | 2 | 261 | 15,30,590 |
| 2 | കൊല്ലം | 4 | 2 | 252 | 8,27,000 |
| 3 | പത്തനംതിട്ട | 1 | - | 56 | 4,61,000 |

| | | | | | |
|---|---|---|---|---|---|
| 4 | ആലപ്പുഴ | 8 | 3 | 227 | 10,69,500 |
| 5 | കോട്ടയം | 2 | 2 | 241 | 10,38,020 |
| 6 | ഇടുക്കി | 3 | 1 | 394 | 17,97,670 |
| 7 | എറണാകുളം | 4 | 3 | 362 | 31,16,250 |
| 8 | തൃശ്ശൂർ | 5 | 5 | 413 | 25,58,100 |
| 9 | പാലക്കാട് | 3 | - | 145 | 8,30,600 |
| 10 | മലപ്പുറം | 7 | 5 | 312 | 24,89,010 |
| 11 | കോഴിക്കോട് | 4 | 4 | 305 | 16,09,000 |
| 12 | വയനാട് | 4 | 4 | 72 | 7,26,500 |
| 13 | കണ്ണൂർ | 3 | 1 | 361 | 19,13,500 |
| 14 | കാസർഗോഡ് | - | - | 99 | 3,86,000 |
| **ആകെ** | | **50** | **32** | **3500** | **2,03,52,740** |

സെക്ഷൻ ഓഫീസർ